ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ. എ. ആർ. മേനോൻ):

(എ) ഇല്ല. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു,

(ബി) എസ്റ്റിമേറു തയാറാക്കിക്കൊണ്ടിരിക്കുകയാണു്, ഇയ സാമ്പത്തികവർഷത്തിൽത്തന്നെ പണിതുടങ്ങാൻ ഉദ്ദേശിക്കുന്നു.

യൂണിവേഴ്സിറ്റിപരീക്ഷ പാസ്സായ ഹരിജനങ്ങൾ.

* 1803. [15] ശ്രീ. കെ. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസ്റ്റേറ്റിൽ ഗ്രാഡുവേറ്റു് ചെയ്ത എത്ര ഹരിജനങ്ങൾ ഉണ്ടു്;

(ബി) മലബാർ പ്രദേശത്തെ എണ്ണം എത്ര;

(സി) അതുകൂടാതെയുള്ള ഹരിജനഗ്രാഡുവേറ്റുകളിൽ എത്രപേർക്കു് ഇന്നും ഉദ്യോഗമുണ്ടു്?

തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. പാത്തൻ):

(എ, ബി, സി) ശരിയായ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല.

മുസ്ലീം ബാലികമാർക്കു് സ്കോളർഷിപ്പു്.

* 1804. [16] ശ്രീ. കെ എം. ജാഫറു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് അപ്പർ പ്രൈമറി സ്കൂളുകളിലും, ഹൈസ്കൂളുകളിലും പഠിക്കുന്ന മുസ്ലീം ബാലികമാർക്കു് സ്കോളർഷിപ്പു് നൽകിവരുന്നുണ്ടോ;

(ബി) എത്ര രൂപവീതമാണു് ഇപ്രകാരം നൽകിവരുന്നതു്;

(സി) ഇക്കഴിഞ്ഞ രണ്ടു വർഷമായി ഇപ്രകാരമുള്ള സ്കോളർഷിപ്പു് ഈ കുട്ടികൾക്കു് ശരിയായി ലഭിക്കുന്നില്ല എന്നു പരാതി കിട്ടിയിട്ടുണ്ടോ;

(ഡി) മൂവാറ്റുപുഴ താലൂക്കു് പായിപ്ര യു. പി. എസ്സു്.-ൽ 7-ാം സ്റ്റാൻഡാർഡിൽ പഠിക്കുന്ന ടി. കെ. ഖദീജ എന്നു വിദ്യാർത്ഥിനിക്കു് ഈ സ്കോളർഷിപ്പു് ലഭിക്കുന്നില്ല എന്നു പരാതി കിട്ടിയോ; അതിന്മേൽ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫു് മുണ്ടശ്ശേരി):

(എ) തിരുവനന്തപുരം പ്രദേശത്തുള്ള അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന മുസ്ലീം ബാലികമാർക്കു് സ്കോളർഷിപ്പു് നൽകിവരുന്നുണ്ടു്.

(ബി) അപ്പർ പ്രൈമറിസ്കൂളിൽ പഠിക്കുന്ന മുസ്ലീം ബാലികമാർക്കു് 3 രൂപ വീതവും, ഹൈസ്കൂളിൽ പഠിക്കുന്നവർക്കു് 5 രൂപ വീതവുമാണു് നൽകിവരുന്നതു്.

(സി) "കിട്ടിയിട്ടുണ്ടു്.

(ഡി) ഇതിന്റെ വിവരം ഡിസ്ട്രിക്ടിന്റെ എഡ്യൂക്കേഷണൽ ആഫീസർ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly